

സ്വിറ്റ്സർലൻഡിലെ ഇന്ത്യൻ എംബസിയിൽ രണ്ടാം സെക്രട്ടറി ആയി നിയമിതയായ റോഷിണി തോംസണ് സൂറിച്ച് എയർപോർട്ടിൽ ബി ഫ്രണ്ട്സ് സ്വീകരണം നൽകി .

സ്വിറ്റ്സർലണ്ടിലേയും വത്തിക്കാനിലെയും ഇന്ത്യൻ എംബസിയുടെ രണ്ടാം സെക്രട്ടറി ആയി നിയമിതയായ റോഷിനി തോംസണ് സൂറിച്ച് എയർപോർട്ടിൽ സ്വിറ്റസർലണ്ടിലെ പ്രമുഖ സാംസ്കാരിക സംഘടനയായ ബി ഫ്രണ്ട്സ് സ്വിറ്റ്സർലൻഡ് ഹാർദ്ദവമായ സ്വീകരണമൊരുക്കി . ഫ്രാങ്ക് ഫുർട്ടിൽ നിന്നും രാത്രി പത്തുമണിക്കെത്തിയ റോഷ്നിക്ക് ബി ഫ്രൻഡ്സിനുവേണ്ടി പ്രസിഡന്റ് ബിന്നി വേങ്ങപ്പള്ളി,സെക്രട്ടറി ടോമി വിരുത്തിയേൽ എന്നിവർ ബൊക്കെ നൽകി സ്വീകരിച്ചു .സ്വീകരണച്ചടങ്ങിൽ സംഘടനാ ട്രഷറർ ജോയ് തടത്തിൽ എക്സികുട്ടീവ് അംഗങ്ങളായ ജോസ് പെല്ലിശേരി ,വറുഗീസ് പൊന്നാനകുന്നേൽ മറ്റു സംഘടനാ പ്രവർത്തകർ എന്നിവർ സന്നിഹിതരായിരുന്നു .പുതിയ ഉത്തരവാദിത്തം ഏറ്റെടുത്ത റോഷിനിക്കു സംഘടന എല്ലാവിധ ആശംസകളും നേർന്നു.സൂറിച്ചിൽ ഇങ്ങിനെ ഒരു സ്വീകരണമൊരുക്കിയ സംഘടനക്ക് റോഷിനി നന്ദി രേഖപ്പെടുത്തി .തന്നാൽ കഴിയും വിധം എമ്പസിയുമായി ബന്ധപ്പെട്ടു വരുന്ന എല്ലാ കാര്യങ്ങൾക്കും സ്വിസ്സ് മലയാളികൾക്ക് സഹായമൊരുക്കുമെന്നും പുതിയ സെക്രട്ടറി അറിയിച്ചു .

സ്വിറ്റ്സർലാന്റിലെയും വത്തിക്കാനിലെയും ഇന്ത്യയുടെ അംബാസഡർ ആയി പാലാ സ്വദേശി സിബി ജോർജ് പൊടിമറ്റം ഈ മാസം സ്ഥാനമേറ്റിരുന്നു. സിബിയുടെ കീഴിൽ രണ്ടാം സെക്രട്ടറിയായി ആണ് റോഷിനി ചുമതല ഏൽക്കുന്നത് . . മത്സ്യഫെഡിൽ ഉദ്യോഗ സ്ഥനായ നോർത്ത് പറവൂർ പുത്തൻവേലിക്കര പാലാട്ടി വീട്ടിൽ തോംസൺ ഡേവിസിന്റെ മകളായ റോഷിണിയെ റിട്ടയേർഡ് ഡി.വൈ.എസ്.പി. കവീക്കുന്ന് മുണ്ടന്താനത്ത് എം.എം.ജോസഫിന്റെ മകൻ കംപ്യൂട്ടർ ഗെയിം ഡിസൈനറായ അഭിലാഷ് ജോസ് ആണ് വിവാഹം ചെയ്തിരിക്കുന്നത്.

റോഷിണിയുടെ രണ്ടാമത്തെ നിയമനമാണ് ഇപ്പോഴത്തേത്. മുമ്പ് പാരീസിൽ ഇന്ത്യൻ എംബസിയിൽ ഒന്നര വർഷം ജോലി നോക്കിയിരുന്നു. ഇതിനിടെ യുനസ്കോയിൽ മൂന്നു മാസം ഇന്ത്യയ്ക്കായി പ്രവർത്തിച്ചിട്ടുണ്ട്. മസൂറി, ഡൽഹി എന്നിവിടങ്ങളിലെ പരിശീലനത്തിനു ശേഷമാണ് പാരീസിൽ നിയമനം ലഭിച്ചത്. പാരീസിലെ സോർബോൺ യൂണിവേഴ്സിറ്റിയിൽ നിന്നും റോഷിണി ഫ്രഞ്ച് ഭാഷയിൽ പ്രാവീണ്യം നേടിയത് ഇവിടുത്തെ നിയമനത്തിനു ഗുണകരമാകും.
ഇന്ന് ബേണിലെ ഇന്ത്യൻ എംബസിയിൽ എത്തി റോഷിണി ചുമതലയേൽക്കും